# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3136** **11-03-2025 - ൽ മറുപടിയ്ക്ക്**

## മണികണ്ഠൻ ചാൽ പാലം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമപ്പഞ്ചായത്തിലെ മണികണ്ഠൻ ചാൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പൂയംകുട്ടി - മണികണ്ഠൻചാൽ റോഡിലെ മണികണ്ഠൻചാൽ പാലത്തിന്റെ പുനർനിർമ്മാണത്തിനു വേണ്ടിയുള്ള investigation പ്രവൃത്തി 20.06.2021 – ൽ പൂർത്തിയാക്കി ടെന്റേറ്റീവ് ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കിയിരുന്നു. എന്നാൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ കേന്ദ്ര വന(സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനായി മിനിസ്ട്രി ഓഫ് എൻവിയോൺമെന്റ് & ഫോറസ്ട്രിയുടെ വെബ് സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.<br><br>ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലെ ബന്ധപ്പെട്ട ഓഫീസറുടെ നിർദ്ദേശപ്രകാരം കുട്ടമ്പുഴ റേഞ്ച് ഫോറസ്റ്റ് ഓഫീസറുമായി 27.07.2022 – ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും, തുടർന്ന് അലൈൻമെന്റ് ഡ്രോയിംഗ് പ്രകാരം മുറിക്കേണ്ടതായി വരുന്ന മരങ്ങൾ മാർക്ക് ചെയ്ത് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് തന്നെ പ്രസ്തുത പാലത്തിന്റെ ഇരുഭാഗത്തുമുള്ള മരങ്ങളുടെ ലിസ്റ്റ് എടുത്ത് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷൻ ഓഫീസറുടെ കത്ത് പ്രകാരം വനം സംരക്ഷിക്കുന്നതിനായി വളരെ കുറവ് മരങ്ങൾ മുറിച്ചിട്ടുള്ള അലൈൻമെന്റ് തയ്യാറാക്കണമെന്ന് നിർദ്ദേശിക്കുകയും അതിനെ തുടർന്ന് അപ്രോച്ച് റോഡിന്റെ വീതി കുറച്ച് കൂടുതൽ മരങ്ങൾ സംരക്ഷിച്ചുകൊണ്ട് പാലം നിർമ്മിക്കുന്നതിനായി അലൈൻമെന്റ് പുനഃപരിശോധി ക്കുന്നതിനായി 13.09.2023, 14.09.2023 തീയതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വീണ്ടും സ്ഥലം സന്ദർശിച്ചിരുന്നു. അത് പ്രകാരം നിലവിലെ സ്ഥലത്തിന് അനുയോജ്യമായ വിധത്തിൽ ഫോറസ്റ്റ് |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരുടെ അഭിപ്രായപ്രകാരം അലൈൻമെന്റ് തയ്യാറാക്കിയെങ്കിലും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നും വെർട്ടിക്കൽ clearance ലഭ്യമായ പ്രകാരം വീണ്ടും അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്തേണ്ടതായി വന്നു. അതുപ്രകാരം തയ്യാറാക്കിയ അലൈൻമെന്റ് ഡ്രോയിംഗ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.<br><br>അലൈൻമെന്റിനു അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചു പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | വനംവകുപ്പിന്റെ ഭാഗത്തുനിന്നും പ്രസ്തുത പദ്ധതിക്ക് എൻ.ഒ.സി. ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് പാലം നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | (എ) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ